# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5091** — **30.06.2014 -ലെ മറുപടിക്ക്**

## ബ്ലേഡ് മാഫിയയുടെ ഭീഷണിയെത്തുടർന്ന് പി. ഷീബയുടെ ആത്മഹത്യ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെതുടർന്ന് കാസർഗോഡ് ജില്ലയിൽ ബേക്കൽ കറിച്ചിക്കുന്ന് കോളനിയിലെ പി. ഷീബ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വീട് നിർമ്മിക്കാൻ മൗവ്വൽ ഇല്യാസ് നഗറിലെ വ്യാപാരി മൊട്ടമ്മൽ ഇബ്രാഹിമിൽ നിന്ന് ബ്ലാങ്ക് ചെക്ക് ഈട് നൽകി പണം വാങ്ങിയതിനു ശേഷം പലപ്പോഴായി ഒന്നരലക്ഷം രൂപ തിരിച്ചുനൽകിയിട്ടും ബ്ലാങ്ക് ചെക്ക് തിരികെ നൽകാതെ ഭീഷണിപ്പെടുത്തുന്നുവെന്ന് കാണിച്ച് 2013 ഒക്ടോബർ 31-ന് പരേത നൽകിയ പരാതിയിൽ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) മരണപ്പെട്ട ഷീബ ഇത്തരത്തിലൊരു പരാതി പോലീസിന് നൽകിയിട്ടില്ല. |
| (സി) പോലീസ് ഈ വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതുമൂലമാണ് ഷീബയ്ക്ക് ആത്മഹത്യചെയ്യേണ്ട സാഹചര്യം ഉണ്ടായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ഫലപ്രദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരണപ്പെട്ട ഷീബയുടെ ആത്മഹത്യയ്ക്ക് മുമ്പ് തന്നെ ഓപ്പറേഷൻ കുബേരയുടെ ഭാഗമായി മൊട്ട ഇബ്രാഹിം എന്നയാളുടെ വീട്ടിൽ പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 405/2014 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണ വേളയിൽ മരണപ്പെട്ട ഷീബയുടെ മൊഴി 23.05.2014-ാം തീയതി രേഖപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ